

# വൈവാഹിക ജീവിതത്തിലേക്ക്

ശൈഖ് മുഹമ്മദ് കാരകുന്ന്

നമുക്കാർക്കും നമ്മുടെ മാതാപിതാക്കൾ ആരാവണമെന്ന് തീരുമാനിക്കാനുള്ള സ്വാതന്ത്ര്യം ലഭിച്ചിട്ടില്ല. സഹോദരീസഹോദരന്മാരുടെയും മറ്റു രക്തബന്ധുക്കളുടെയും കാര്യത്തിലും ഇതുതന്നെ സ്ഥിതി. എന്നല്ല, സ്വന്തം മക്കൾ ആരാകണമെന്നും എങ്ങനെയാകണമെന്നും നിശ്ചയിക്കാൻ ഉള്ള സ്വാതന്ത്ര്യം പോലും ആർക്കും ഇല്ല. അതേസമയം തങ്ങളുടെ കുട്ടികളുടെ മാതാവ് ആരാവണമെന്ന് നിശ്ചയിക്കാനുള്ള അവസരം പുരുഷന്മാർക്കും പിതാവ് ആരാവണമെന്ന് തീരുമാനിക്കാനുള്ള സാധ്യത സ്ത്രീകൾക്കും ലഭിച്ചിട്ടുണ്ട്. അതുകൊണ്ടുതന്നെ ജീവിതത്തിലെ ഏറ്റവും വലിയ തെരഞ്ഞെടുപ്പ് തന്റെ ഇണ ആരാവണമെന്നതാണ്. എന്നാൽ  വിവാഹാന്വേഷണവേളയിൽ ഇത്ര പ്രാധാന്യത്തോടെയും ഗൗരവത്തോടെയും അതേക്കുറിച്ച് ആലോചിച്ചിരുന്നില്ല. എങ്കിലും വിവാഹത്തെകുറിച്ച് ചിന്തിക്കാൻ തുടങ്ങിയപ്പോൾ തന്നെ മതനിഷ്ഠയും ജീവിതവിശുദ്ധിയും സ്വഭാവനന്മയും സ്നേഹസമ്പന്നതയും ഉള്ള ജീവിതപങ്കാളിക്കായി അല്ലാഹുവോട് പ്രാർത്ഥിച്ചുകൊണ്ടിരുന്നു. പരമകാരുണികനായ അല്ലാഹു അത് പൂർണമായും സ്വീകരിച്ചതായി ഉറച്ചുവിശ്വസിക്കുന്നു.

വിവാഹാന്വേഷണത്തിൽ നമ്മുടെ പങ്ക് പ്രധാനം തന്നെ. എന്നാൽ അവസാനം സംഭവിക്കുക അല്ലാഹു വിധിച്ചതാണല്ലോ. അതിൽ നമ്മുടെ ഉദ്ദേശ്യങ്ങൾക്കും പ്രാർത്ഥനകൾക്കുമുള്ള പങ്ക് അന്വേഷണങ്ങൾക്കുള്ളതിനെക്കാൾ വലുതാണ്. വായനാനുഭവത്തെക്കാൾ ജീവിതാനുഭവമാണ് ഇതെന്നെ പഠിപ്പിച്ചത്.

എടവണ്ണ ഇസ്‌ലാഹിയാ ഓറിയന്റൽ ഹൈസ്കൂളിൽ അധ്യാപകനായിരിക്കെ സഹപ്രവർത്തകരിൽ ജമാഅത്തെ ഇസ്‌ലാമിയുമായി ബന്ധമുള്ളവൻ ഞാൻ മാത്രമായിരുന്നു. പലരും മുസ്‌ലിംലീഗുകാരും മുജാഹിദ് പ്രവർത്തകരുമായിരുന്നു. ചില കോൺഗ്രസുകാരുമുണ്ടായിരുന്നു. കമ്യൂണിസ്റ്റുകാരനായി തങ്കപ്പൻ ആചാരി മാസ്റ്റർ മാത്രമേ ഉണ്ടായിരുന്നുള്ളൂ. ഒഴിവ് സമയമൊക്കെയും സ്റ്റാഫ്റൂമിൽ സംവാദം നടക്കുക പതിവായിരുന്നു. വിഷയം എപ്പോഴും ജമാഅത്തെ ഇസ്‌ലാമിയുമായി ബന്ധപ്പെട്ടതുതന്നെ. രാഷ്ട്രീയ ചർച്ചകൾപോലും അതിനെ അപേക്ഷിച്ച് വളരെ വിരളമായിരുന്നു. എന്നാൽ ആശയപരമായി ഭിന്നതകളും തദ്സംബന്ധമായ ചർച്ചകളും വ്യക്തിബന്ധങ്ങളെ ഒട്ടും ബാധിച്ചിരുന്നില്ല. എല്ലാവർക്കുമിടയിൽ തികഞ്ഞ സ്നേഹവും സൗഹൃദവും പരസ്പര ബഹുമാനവുമാണ് നിലനിന്നിരുന്നത്. ഏക ജമാഅത്ത് പ്രവർത്തകനെന്ന നിലയിൽ സഹാധ്യാപകരിൽ നിന്ന് ഒരുവിധത്തിലുമുള്ള പ്രയാസമോ പരിഗണനക്കുറവോ അനുഭവിച്ചിട്ടില്ല. എന്നല്ല, പ്രത്യേക പരിഗണനയാണ് കിട്ടിക്കൊണ്ടിരുന്നത്. സ്കൂളിൽ നടക്കുന്ന പൊതുപരിപാടികളിലെല്ലാം മുന്നിൽ നിർത്തിയിരുന്നത് ഈ ലേഖകനെയാണ്. ജമാഅത്തെ ഇസ്‌ലാമി പ്രവർത്തകനെന്ന നിലയിൽ വിദ്യാർത്ഥികൾക്കിടയിലും നല്ല പരിഗണനയും ആദരവുമാണ് ലഭിച്ചത്.

ഒരു ദിവസം സ്റ്റാഫ്റൂമിലിരിക്കെ പ്രൈമറി വിഭാഗത്തിൽ ഹിന്ദി അധ്യാപകനായിരുന്ന വടകര സ്വദേശി കുഞ്ഞിശങ്കരൻ മാസ്റ്റർ അടുത്ത് വന്നിരുന്നു. സ്നേഹപൂർവ്വം ചുമലിൽ കൈവച്ച് ചോദിച്ചു: "ജോലിയിൽ പ്രവേശിച്ചിട്ട് മൂന്ന് കൊല്ലമായില്ലേ? ഇനി വിവാഹം നടത്തേണ്ടേ?"

"ആലോചിക്കാം. ധൃതിയില്ല. അന്വേഷിച്ച് നല്ലൊരു കുട്ടിയെ കണ്ടെത്തണം."

"ഞാൻ ഒരു കുട്ടിയെ ശൈഖ് സാഹിബിന് കണ്ടുവെച്ചിട്ടുണ്ട്. നല്ല സ്വഭാവമാണ്. ബുദ്ധിയും സൗന്ദര്യവുമൊക്കെയുണ്ട്." കുഞ്ഞിശങ്കരൻ മാസ്റ്റർ പറഞ്ഞു. എന്റെ മറുപടിക്ക് കാത്തുനിൽക്കാതെ അദ്ദേഹം അവളെ സ്റ്റാഫ്റൂമിലേക്ക് വിളിപ്പിച്ചു. ഹിന്ദി പുസ്തകവുമായി വരാനാണ് പറഞ്ഞിരുന്നത്. എന്റെ ജീവിതപങ്കാളിയായി അല്ലാഹു നിശ്ചയിച്ച പെൺകുട്ടി മുന്നിൽ വന്നു നിൽക്കുന്നു. കാഴ്ചയിൽ വളരെ ഇഷ്ടപ്പെട്ടു. കുഞ്ഞിശങ്കരൻ മാസ്റ്റർ പലതും ചോദിച്ചുകൊണ്ടിരുന്നു. എല്ലാറ്റിനും ചടുലമായ മറുപടി. അത് എന്നിൽ താൽപര്യം ഉണർത്തി. കൂട്ടത്തിൽ ഞാൻ പേരും നാടും ചോദിച്ചു. പേര് ആമിന. നാട് വീട്ടിൽ നിന്ന് മൂന്നുനാലു കിലോമീറ്റർ മാത്രം അകലെ പത്തപ്പിരിയം. അവർ പോയ ഉടനെ കുഞ്ഞിശങ്കരൻ മാസ്റ്റർ ചോദിച്ചു: "എന്താ, ഇഷ്ടമായില്ലേ?"

"തീർച്ചയായും."

അന്ന് അവൾ ആറാം ക്ലാസ്സിൽ പഠിക്കുകയായിരുന്നു. പന്ത്രണ്ട് വയസ്സ് തികഞ്ഞിരുന്നില്ല. പരീക്ഷ അടുത്ത കാലമായിരുന്നു. വിവാഹം കഴിഞ്ഞാൽ പഠനം ഏഴാം ക്ലാസ്സിൽ മറ്റേതെങ്കിലും സ്കൂളിൽ തുടരാമെന്നാണ് കരുതിയിരുന്നത്. എന്റെ അനുകൂല മറുപടി ലഭിച്ചതോടെ കുഞ്ഞിശങ്കരൻ മാസ്റ്റർ



ഓർമയുടെ ഓളങ്ങളിൽ

പറഞ്ഞു:"എങ്കിൽ ഇനിയെല്ലാം ഞാനേറ്റു."

പന്ത്രണ്ടാം വയസ്സുകാരിയെയാണ് വിവാഹം കഴിച്ചതെന്ന കാര്യം എഴുതണമോയെന്ന് ആലോചിച്ചുകൊണ്ടിരിക്കെയാണ് ജസ്റ്റിസ് വി.ആർ.കൃഷ്ണയ്യരുമായി പ്രമുഖമായൊരു പത്രം നടത്തിയ അഭിമുഖം വായിച്ചത്. കൃഷ്ണയ്യർ ശാരദയെ വിവാഹം ചെയ്തത് അവർക്ക് പതിനാല് വയസ്സുള്ളപ്പോഴാണ്. അന്ന് അദ്ദേഹത്തിന്റെ പ്രായം ഇരുപത്തഞ്ചായിരുന്നു.

ഏതാനും ദിവസങ്ങൾ കഴിഞ്ഞപ്പോൾ ഒരു നാൾ പത്തപ്പിരിയത്തെ എം.പി കുഞ്ഞി മുഹമ്മദ് മൗലവി വീട്ടിൽ വന്നു. അദ്ദേഹവും ഫറോക്ക് റൗദത്തുൽ ഉലൂം അറബിക്കോളേജിലെ പൂർവ്വ വിദ്യാർത്ഥിയാണ്. മൗലാനാ അബുസ്സബാഹ് മൗലവി മരണമടയും വരെ അദ്ദേഹത്തിന്റെ അഭ്യർത്ഥന മാനിച്ച് ഞാനും കുഞ്ഞിമുഹമ്മദ് മൗലവിയും എല്ലാ റമദാനിലും റൗദത്തുൽ ഉലൂം അറബിക്കോളേജിനു വേണ്ടി പത്തപ്പിരിയം, എടവണ്ണ, നിലമ്പൂർ, ചുങ്കത്തറ, എടക്കര, ഉപ്പട, മരുത പോലുള്ള പ്രദേശങ്ങളിൽ പിരിവു നടത്തിയിരുന്നു. ഇത് കുഞ്ഞിമുഹമ്മദ് മൗലവിയുമായി ഉറ്റബന്ധം വളർന്നുവരാൻ കാരണമായി.



കൊട്ടക്കോടൻ വീരാൻ

കുഞ്ഞിമുഹമ്മദ് മൗലവി വന്നത് കുഞ്ഞിശങ്കരൻ മാസ്റ്റർ പറഞ്ഞ അതേകുട്ടിയുമായുള്ള വിവാഹത്തെ സംബന്ധിച്ച് സംസാരിക്കാനാണ്. പറഞ്ഞയച്ചത് അവളുടെ പിതാവ് കൊട്ടക്കോടൻ വീരാൻ എന്ന കുഞ്ഞാപ്പുവാണ്. കുഞ്ഞിശങ്കരൻ മാസ്റ്റർ അദ്ദേഹത്തോട് വിവാഹത്തെ കുറിച്ച് സംസാരിച്ചിരുന്നു. അപ്പോൾ അദ്ദേഹം നിഷേധാർത്ഥത്തിലാണ് സംസാരിച്ചത്. "അവൾ ചെറുപ്പമല്ലേ, ആറാം ക്ലാസ്സ് പരീക്ഷ എഴുതുന്നല്ലേയുള്ളൂ. ഒന്നു രണ്ടു കൊല്ലം കൂടി കഴിയട്ടെ."

വിവാഹാന്വേഷണക്കാര്യം അദ്ദേഹത്തിന്റെ ഭാര്യയെ അറിയിച്ചപ്പോൾ അവർ വിവാഹത്തിന് അനുകൂലമായി സംസാരിക്കുക മാത്രമല്ല, അതു നടത്തണമെന്ന് ശഠിക്കുകയും ചെയ്തു. അങ്ങനെയാണ് അദ്ദേഹം കുഞ്ഞിമുഹമ്മദ് മൗലവിയെ പറഞ്ഞയച്ചത്. കുഞ്ഞിശങ്കരൻ മാസ്റ്റർ വിവാഹത്തിന് പിതാവ് അനുകൂലമല്ലെന്ന വിവരം എന്നെ അറിയിച്ചിരുന്നില്ല. അങ്ങനെ ഞങ്ങളുടെ വിവാഹാന്വേഷണ ചുമതല കുഞ്ഞിശങ്കരൻ മാസ്റ്ററിൽ നിന്ന് കുഞ്ഞിമുഹമ്മദ് മൗലവിയിലേക്ക് നീങ്ങി. ഇരുവിഭാഗവും അനുകൂലമായിരുന്നതിനാൽ വിവാഹം നടത്താൻ തീരുമാനിച്ചു. ജ്യേഷ്ഠ സഹോദരന്റെ വിവാഹം നേരത്തേ തീരുമാനിച്ചിരുന്നു. 1974 മെയ് 5നായിരുന്നു ഞങ്ങളുടെ വിവാഹം. അന്ന് എനിക്ക് 24 വയസ്സ്. എന്റെ നിക്കാഹ് മാത്രമേ നടന്നിരുന്നുള്ളൂ.



കുഞ്ഞി മുഹമ്മദ് മൗലവി

വിവാഹാഘോഷം വളരെ ലളിതമായിരുന്നെങ്കിലും ബന്ധുക്കളും സുഹൃത്തുക്കളുമായി ധാരാളം ആളുകളെ ക്ഷണിച്ചിരുന്നു. തൊട്ടടുത്തുള്ള സ്കൂളിലായിരുന്നു സദ്യ ഒരുക്കിയിരുന്നത്. അന്ന് ചെയ്ത വിഡ്ഢിത്തമോർത്ത് ലജ്ജയും ദുഃഖവും തോന്നാറുണ്ട്. ഞങ്ങൾ വെള്ളമെടുത്തിരുന്നത് പൊട്ടക്കിണറ്റിൽ നിന്നാണ്. ചുറ്റും പടവുണ്ടായിരുന്നില്ല. ഇടിഞ്ഞു പൊളിഞ്ഞ കിണറിനുചുറ്റും വേലികെട്ടിയതായിരുന്നു. അതിനുള്ളിലേക്കു നോക്കിയാൽ ഭയം തോന്നും. പ്രാഥമികാവശ്യങ്ങൾ നിർവഹിക്കാൻ ഓല കൊണ്ടു മറച്ചുണ്ടാക്കിയ മൺകുഴിയേ ഉണ്ടായിരുന്നുള്ളൂ. കിടക്കാൻ നല്ല ഒരു കട്ടിലോ ഇരിക്കാൻ കസേരയോ നല്ലൊരു മേശയേ ഉണ്ടായിരുന്നില്ല. എന്നിട്ടും അന്നത്തെ അവസ്ഥയിൽ പണച്ചെലവുള്ള വിവാഹം നടത്തിയത് എത്രമാത്രം അബദ്ധമായിരുന്നുവെന്ന് ഏറെക്കഴിയും മുമ്പേ തിരിച്ചറിഞ്ഞു. അന്നെല്ലാവരും വിവാഹാഘോഷം കേമമാക്കാൻ പ്രേരിപ്പിച്ചുകൊണ്ടിരുന്നു. ഒരാൾപോലും ലളിതമാക്കുന്നതിനെക്കുറിച്ച് സംസാരിച്ചില്ല, ഓർമപ്പെടുത്തിയില്ല. അതേകുറിച്ച് ബോധമുണ്ടായതു മുതൽ എനിക്കു സംഭവിച്ച അബദ്ധം മറ്റാർക്കും പറ്റാതിരിക്കാൻ നിതാന്ത ജാഗ്രത പുലർത്താൻ തുടങ്ങി. വിവാഹത്തിലെ ലാളിത്യത്തെയും അതിന്റെ പ്രാധാന്യത്തെയും സംബന്ധിച്ച് ഇതിനകം ധാരാളമായി എഴുതുകയും പ്രസംഗിക്കുകയും ചെയ്തു. പ്രത്യേകിച്ചൊരു പ്രയോജനമില്ലാത്തതും ഒട്ടേറെ തിന്മകളുള്ളതുമാണ് ആർഭാടപൂർണമായ വിവാഹം. വിവാഹത്തിന് സാക്ഷികളാവുന്നവർ ആഘോഷങ്ങളിൽ പങ്കാളികളാവുന്നവരിൽ പോലും വളരെ ചെറിയ ശതമാനമായിരിക്കും. ഏറെ നേട്ടമായി എടുത്തുകാട്ടാറുള്ള കുടുംബബന്ധം പുതുക്കലും സൗഹൃദ്ബന്ധം സ്ഥാപിക്കൽ പോലും അന്നത്തെ തിരക്ക് കാരണം സാധിക്കാതെ പോവുന്നു.



കുഞ്ഞിശങ്കരൻ മാസ്റ്റർ

എന്റെ വിവാഹം നടന്നത് ഭാര്യാമാതാവിന്റെ ബന്ധുവും എന്റെ പിതാവിന്റെ അമ്മാവനുമായ പത്തപ്പിരിയം പെരൂർ സാഹിബിന്റെ വീട്ടിൽവെച്ചാണ്. അതിന് കാർമികത്വം വഹിച്ചത് കേരള നദ്‌വത്തുൽ മുജാഹിദീന്റെ ഇപ്പോഴത്തെ സംസ്ഥാന ജനറൽ സെക്രട്ടറി എ.പി അബ്ദുൽ ഖാദർ മൗലവിയും.

അന്ന് അദ്ദേഹം വിവാഹ പ്രസംഗം മൂന്നുവാചകങ്ങളിലൊതുക്കി: 'ഇവിടെ വിവാഹം കഴിക്കുന്ന വ്യക്തി ഇസ്‌ലാമിലെ ദാമ്പത്യത്തെയും കുടുംബജീവിതത്തെയും സംബന്ധിച്ച് നന്നായറിയുന്ന ആളാണ്. വധു എല്ലാം അദ്ദേഹത്തിൽനിന്ന് പഠിക്കാൻ പറ്റുന്ന പ്രായത്തിലുള്ളവളും. അതിനാൽ ഞാൻ ഒന്നുമിവിടെ പറയേണ്ടതില്ല.'

തുടർന്ന് പ്രാർത്ഥനയിലൂടെ എല്ലാം പൂർത്തീകരിച്ചു. അങ്ങനെ ഉമ്മുവെന്ന ഓമനപ്പേരുള്ള ആമിന ജീവിതപങ്കാളിയായി. എങ്കിലും ഞങ്ങൾ ഒരുമിച്ച് ജീവിക്കാൻ തുടങ്ങിയത് പിന്നെയും ഒരുകൊല്ലം കഴിഞ്ഞ് 1975 മെയ് നാലു മുതലാണ്. ആ ഒരു വർഷം അവർ ചേന്ദമംഗല്ലൂർ ഹോസ്റ്റലിൽ താമസിച്ച് അവിടത്തെ ഗവൺമെന്റ് യു.പി സ്കൂളിൽ ഏഴാം ക്ലാസിൽ പഠിക്കുകയായിരുന്നു. എന്റെ സുഖദുഃഖങ്ങളിൽ പങ്കാളിയാവാനും വളരെയേറെ പ്രയാസങ്ങൾ സഹിക്കാനും അന്നോളം വിഷമങ്ങളറിയാതെ വളർന്നുവന്ന ആ കൊച്ചു വിദ്യാർത്ഥിനിക്കു സാധിച്ചത് അല്ലാഹുവിന്റെ അനുഗ്രഹമായാണ് തിരിഞ്ഞുനോക്കുമ്പോൾ അനുഭവപ്പെടുന്നത്.